"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - കണ്ണൂർ കോർപ്പറേഷനിലെ സീനിയർ ക്ലാർക്ക് ശ്രീമതി.രേണുക.കെ.വി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ.1436/2023 നമ്പർ കേസിലെ 01.08.2023 തീയതിയിലെ ഉത്തരവ് - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.2332/2023/LSGD തീയതി,തിരുവനന്തപുരം, 25-11-2023

---

പരാമർശം:-

1. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 03.07.2023 തീയതിയിലെ LSGD/PD/1224/2023-DED1 നമ്പർ ഉത്തരവ്.
2. ശ്രീമതി.രേണുക.കെ.വി സർക്കാരിൽ സമർപ്പിച്ച 04.07.2023 തീയതിയിലെ അപ്പീൽ അപേക്ഷ (അനക്ഷർ എ4).
3. ശ്രീമതി.രേണുക.കെ.വി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ.1436/2023 നമ്പർ കേസിലെ 01.08.2023 തീയതിയിലെ ഉത്തരവ്.
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 04.09.2023 തീയതിയിലെ LSGD/PD/52629/2023-DEC2 നമ്പർ കത്ത്.
5. 15.11.2023 തീയതിയിലെ അപ്പീൽ കമ്മിറ്റി യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

തദ്ദേശസ്വയംഭരണ പൊതു സർവീസിലെ പരാമർശം 1 സ്ഥലംമാറ്റ ഉത്തരവിനെതിരായി കണ്ണൂർ കോർപ്പറേഷനിലെ സീനിയർ ക്ലാർക്ക് ശ്രീമതി.രേണുക.കെ.വി പരാമർശം 2(അനക്ഷർ എ4) പ്രകാരം, അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നു. കൂടാതെ മേൽ വിഷയവുമായി ബന്ധപ്പെട്ട് ശ്രീമതി.രേണുക.കെ.വി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ.1436/2023 നമ്പർ കേസിലെ 01.08.2023 തീയതിയിലെ ഉത്തരവ് പ്രകാരം, സ്ഥലംമാറ്റം അനുവദിക്കുന്നതിന് ഹർജിക്കാരി സമർപ്പിച്ചിട്ടുള്ള അനക്ഷർ എ4 അപ്പീൽ അപേക്ഷ പരിഗണിച്ച് ഒരുമാസത്തിനുള്ളിൽ ഉത്തരവാകുന്നതിന് ഒന്നാം എതിർകക്ഷിയായ സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു.

2. ശ്രീമതി.രേണുക.കെ.വി സമർപ്പിച്ച അനക്ഷർ എ4 അപ്പീൽ അപേക്ഷ പ്രകാരം 31.12.2024ൽ വിരമിക്കുന്നതായും, പൊതുസ്ഥലം മാറ്റ ഉത്തരവ് പ്രകാരം 65 കിലോമീറ്ററിലധികമുള്ള ഉളിക്കൽ പഞ്ചായത്തിലേക്കാണ് മാറ്റിയിട്ടുള്ളത് എന്നും അറിയിക്കുന്നു. ഹോം സ്റ്റേഷൻ കണ്ണൂർ കോർപ്പറേഷനാണ് എന്നതിനാലും, അമ്മയുടെ സംരക്ഷണത്തിന് സ്ഥലംമാറ്റം തടസ്സം സൃഷ്ടിക്കും എന്നതിനാലും, കണ്ണൂർ കോർപ്പറേഷനിൽ നിലനിർത്തുകയോ അഞ്ചൂർ, തളിപ്പറമ്പ് നഗരസഭകളിലോ തൊട്ടടുത്തുള്ള ഗ്രാമപഞ്ചായത്തിലോ നിയമനം

നൽകണമെന്നും അപേക്ഷിക്കുകയുണ്ടായി.

3. പ്രിൻസിപ്പൽ ഡയറക്ടറുടെ ഇക്കാര്യത്തിലുള്ള പരാമർശം 4 റിപ്പോർട്ട് പ്രകാരം, ഹർജിക്കാരിയായ ശ്രീമതി. രേണുക.കെ.വി 02.09.2019 തീയതിയിൽ കണ്ണൂർ കോർപ്പറേഷനിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചിരുന്നു. ശ്രീമതി. രേണുക.കെ.വി 2023 ലെ പൊതുസ്ഥലംമാറ്റത്തിൽ അപേക്ഷ സമർപ്പിക്കാത്തിനാലും ജോലിചെയ്തിരുന്ന കണ്ണൂർ കോർപ്പറേഷനിൽ 3 വർഷത്തെ സേവനം പൂർത്തീകരിച്ചതിനാലുമാണ് പൊതുസ്ഥലംമാറ്റമാനദണ്ഡപ്രകാരം ഒഴിവ് നിലവിലുണ്ടായിരുന്ന ഉളിക്കൽ ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലംമാറ്റി നിയമിച്ചിരുന്നത്. ആയതിനാൽ ടിയാളുടെ അപേക്ഷ പരിഗണനാർഹമല്ലായെന്ന് അറിയിക്കുന്നു. ശ്രീമതി. രേണുക.കെ.വി സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റം അനുവദിക്കുന്ന പക്ഷം ആയത് മറ്റ് ജീവനക്കാരുടെ സ്ഥലംമാറ്റത്തെ ബാധിക്കുകയും കോടതി വ്യവഹാരങ്ങൾക്ക് കാരണമാകുകയും ചെയ്യുന്നതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ അറിയിക്കുകയുണ്ടായി.

4. മേൽ അപ്പീൽ അപേക്ഷ തദ്ദേശ സ്വയംഭരണ വകുപ്പിലെ 2023 വർഷത്തെ പൊതുസ്ഥലംമാറ്റം സംബന്ധിച്ച അപ്പീലുകൾ പരിശോധിക്കുന്നതിന് രൂപീകരിച്ച അപ്പീൽ കമ്മിറ്റിയുടെ 15.11.2023 തീയതിയിലെ യോഗത്തിൽ വിശദമായി പരിശോധിച്ചു, അതിൻപ്രകാരം ശ്രീമതി. രേണുക.കെ.വി. 31.12.2024ൽ വിരമിക്കുന്നതിനാൽ കണ്ണൂർ കോർപ്പറേഷനിൽ നിലനിർത്തുകയോ അന്തൂർ, തളിപ്പറമ്പ് നഗരസഭകളിലോ തൊട്ടടുത്തുള്ള ഗ്രാമപഞ്ചായത്തിലോ നിയമനം നൽകുകയോ ചെയ്യണമെന്നുമുള്ള അപേക്ഷ, പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം കമ്മിറ്റി പരിശോധിച്ചതിൽ 02.09.2019 മുതൽ കണ്ണൂർ കോർപ്പറേഷനിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി. രേണുക.കെ.വി. ടി നഗരസഭയിൽ 3 വർഷം പൂർത്തിയാക്കിയതും എന്നാൽ പൊതുസ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തതുമാണ് എന്നതിനാലാണ് പൊതു സ്ഥലംമാറ്റത്തിൽ ഉളിക്കൽ ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലം മാറ്റിയിരുന്നത്. ആയതിനാൽ അപ്പീൽ അപേക്ഷയിലെ ആവശ്യം പരിഗണനാർഹമല്ല. എന്നാൽ ടിയാൾ 31.12.2024ൽ സേവനത്തിൽ നിന്ന് വിരമിക്കുന്നതാണെന്നതിനാൽ അടുത്തുവരുന്ന സ്ഥലംമാറ്റത്തിൽ ടിയാളെ സൗകര്യപ്രദമായ സ്റ്റേഷനിൽ നിയമിക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകുവാൻ കമ്മിറ്റി തീരുമാനിക്കുകയുണ്ടായി.

5. മേൽ സാഹചര്യത്തിൽ ശ്രീമതി.രേണുക.കെ.വി 31.12.2024ൽ സേവനത്തിൽ നിന്ന് വിരമിക്കുന്നതാണെന്നതിനാൽ അടുത്തുവരുന്ന സ്ഥലംമാറ്റത്തിൽ ടിയാളെ സൗകര്യപ്രദമായ സ്റ്റേഷനിൽ നിയമിക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് ശ്രീമതി.രേണുക.കെ.വി- യുടെ അനക്ഷർ എ 4 അപ്പീൽ അപേക്ഷ തീർപ്പാക്കി ഉത്തരവാകുന്നു.

6. മേൽ പ്രകാരം ബഹു അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ.1436/2023 നമ്പർ കേസിലെ 01.08.2023 തീയതിയിലെ ഉത്തരവ് നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DR MANJU K
അണ്ടർ സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, കേരളം, തിരുവനന്തപുരം

ശ്രീമതി.രേണുക.കെ.വി, സീനിയർ ക്ലർക്ക് കണ്ണൂർ കോർപ്പറേഷൻ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Sonu Jacob

Date: 25-11-2023 12:40:04

സെക്ഷൻ ഓഫീസർ